(സി) ഇപ്പോഴുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്.

മണ്ഡരി രോഗം

17 (*77) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരകൃഷിയെ ബാധിച്ച മണ്ഡരി രോഗം മൂലം നാളികേരത്തിന്റെ ഉൽപാദനത്തിലുണ്ടായ കുറവെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഇതുമൂലം സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ ;

(സി) മണ്ഡരി രോഗം നിയന്ത്രിക്കുന്നതിന് ഇതുവരെ സർക്കാർ എത്ര കോടി രൂപ ചെലവഴിച്ചു ;

(ഡി) സംസ്ഥാനത്ത് മണ്ഡരി രോഗം പൂർണ്ണമായും നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 17.94 കോടി രൂപ കൃഷി വകുപ്പും 8.31 കോടി രൂപ ത്രിതല പഞ്ചായത്തു സ്ഥാപനങ്ങളും ചെലവഴിച്ചിട്ടുണ്ട്. രണ്ടാംഘട്ട മരുന്നുതളി നടന്നു വരുന്നു.

(ഡി) രണ്ടും മൂന്നും ഘട്ട മരുന്നുതളി പൂർത്തിയാകുമ്പോൾ മണ്ഡരിബാധ പൂർണ്ണമായും നിയന്ത്രിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പതിനൊന്നാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ അവാർഡ്

18 (*78) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനൊന്നാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ അവാർഡ് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly